**പതിമൂന്നാം കേരളനിയമസഭ**
**എഴാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1843 11.02.2013-ൽ മറുപടിക്ക്

## സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

ചോദ്യം ഉത്തരം

ശ്രീ. കെ. കെ. ജയചന്ദ്രൻ

**ഡോ. എം.കെ. മുനീർ**
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി )

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് നടപ്പിലുള്ള വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളും അവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശം നൽകാമോ ; | എ | 1. വികലാംഗ പെൻഷൻ - മൂകർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ കുറഞ്ഞത് 40% അംഗവൈകല്യമുള്ള മറ്റു വികലാംഗർ, അന്ധർ എന്നിവർക്കാണ് ആനുകൂല്യം ലഭിക്കുക.<br>2. അഗതി(വിധവ) പെൻഷൻ - വിവാഹ ബന്ധം വേർപെടുത്തുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെടുകയും പുനർ വിവാഹം ചെയ്തിട്ടില്ലാത്തവർക്കും ഈ പെൻഷന് അർഹതയുണ്ട്.<br>3. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ പദ്ധതി - കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് 65 വയസ്സിനുമുകളിൽ പ്രായമുള്ള ബി.പി.എൽ. കുടുംബത്തിലുള്ളവർക്ക് ഈ പെൻഷന് അർഹതയുണ്ട്.<br><br>4. 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ - 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ നൽകി വരുന്നു.<br>വാർദ്ധക്യകാല പെൻഷൻ പദ്ധതി ഒഴികെയുള്ള പെൻഷൻ പദ്ധതികളിൽ ഗുണഭോക്താക്കളുടെ ഉയർന്ന കുടുംബ വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയായും നഗരപ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയായും നിശ്ചയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| ബി | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഇപ്പോൾ ബാങ്കുകൾ വഴി വിതരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ , നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലായി എന്നതു സംബന്ധിച്ച് വിശദാംശം നൽകാമോ ; | ബി | പെൻഷനും മറ്റു ധനസഹായങ്ങളും 2013 ഏപ്രിൽ ഒന്നു മുതൽ ബാങ്ക് അക്കൗണ്ട് വഴി ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാന ത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്ന തിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി | ശയ്യാലംബരായ പെൻഷൻകാർക്ക്, ബാങ്കുകൾ മുഖാന്തിരം പെൻഷൻ വിതരണം നടത്തുമ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | സി | ഉണ്ട് |
| ഡി | പ്രസ്തുത ബുദ്ധമുട്ടുകൾ പരിഗണിച്ച് ഇവരുടെ പെൻഷൻ മണിയോർഡ റായി വീട്ടിൽ എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരി ക്കുമോ ? | ഡി | വൃദ്ധർ, അവശത അനുഭവിക്കുന്നവർ, വിഭിന്ന ശേഷിയുള്ളവർ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് നിലവിലുള്ള മണി ഓർഡർ സംവിധാനം തുടരുന്നതിനാണ് താത്പര്യമെങ്കിൽ അവർ ഇക്കാര്യത്തിൽ ആവശ്യമായ ഓപ്ഷൻ നൽകുന്നതിന് വിധേയമായി നിലവിലുള്ള സംവിധാനം തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

R. [signature]

സെക്ഷൻ ഓഫീസർ